**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 182** **12-10-2021 - ൽ മറുപടിയ്ക്ക്**

**തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ കെ ആൻസലൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ആഘാതത്തിന്റെ ആക്കം കുറയ്ക്കാനായി പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പ്രാഥമിക സഹകരണ സംഘങ്ങളുടെയും കേരള ബാങ്കിന്റെയും ഇടപെടൽ വഴി സൃഷ്ടിക്കാനായ തൊഴിൽ അവസരങ്ങൾ എത്രയെന്ന് അറിയിക്കാമോ; എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്ന് വെളിപ്പെടുത്താമോ; | (എ) | കേരളാ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 4850 തൊഴിലവസരങ്ങളും, കേരള ബാങ്ക് മുഖേന 5000 തൊഴിലവസരങ്ങളും അപ്പെക്സ് ഫെഡറേഷൻ വഴി 50 തൊഴിലവസരങ്ങളും സഹകരണ വകുപ്പ്/ ബാങ്കുകൾ മുഖാന്തിരം 100 സ്ഥിരം തൊഴിലുകളും ഉൾപ്പെടെ 10000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 7597 തൊഴിലവസരങ്ങളും കേരള ബാങ്ക് വഴി 12552 തൊഴിലവസരങ്ങളും ഉൾപ്പെടെ ആകെ 20,149 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ടി പദ്ധതി കാലയളവിൽ അപ്പെക്സ് ഫെഡറേഷനുകൾ വഴി 4 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് വഴി 30 സ്ഥിര നിയമനങ്ങളും കേരള ബാങ്ക് വഴി 13 സ്ഥിര നിയമനങ്ങളും പ്രാഥമിക സഹകരണ സംഘങ്ങൾ വഴി 382 സ്ഥിര നിയമനങ്ങളും ഈ കാലയളവിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് അപ്രകാരം ആകെ 20578 തൊഴിൽ /തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവം പരിഹരിക്കാനായി ആവിഷ്കരിച്ച വിദ്യാതരംഗിണി പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | ഓൺലൈൻ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ പഠനോപകരണങ്ങളുടെ അഭാവം പരിഹരിയ്ക്കാനായി ആവിഷ്കരിച്ച വിദ്യാതരംഗിണി പദ്ധതി കൊണ്ടുണ്ടായ നേട്ടങ്ങൾ ചുവടെ ചേർക്കുന്നു. 1. ഓൺലൈൻ പഠന സൗകര്യങ്ങൾ ലഭ്യ മല്ലാത്ത വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിന് 10000/- രൂപ വീതം സഹകരണ സംഘങ്ങൾ പലിശ രഹിത വായ്പ നൽകിയത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടു. 2. അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന |

| | | | |
|---|---|---|---|
| | | | പരിധിയിലെ അർഹരായ വിദ്യാർത്ഥികൾക്കാണ് വായ്പ അനുവദിച്ച തെങ്കിലും ദൂരപരിധി തടസ്സമാകുന്ന സന്ദ ർഭങ്ങളിൽ വിദ്യാർത്ഥികൾക്ക് ഏറ്റവും അടുത്തുള്ള സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കി. 3. ടി വായ്പ ആൾ ജാമ്യ വ്യവസ്ഥയിൽ ലഭ്യമാക്കിയതു വഴി മറ്റ ജാമ്യ വ്യവസ്ഥകളും നിബന്ധനകളും ഒഴിവാക്കപ്പെട്ടു. 4. എ' ക്ലാസ് മെമ്പർമാർക്ക് പുറമെ സംഘത്തിലെ 'സി' ക്ലാസ് മെമ്പർമാർക്ക് കൂടി വായ്പ അനുവദിച്ചത് ധാരാളം അർഹരായ അപേക്ഷകർക്ക് പ്രയോജനപ്പെട്ടു. 5. അംഗങ്ങൾ അല്ലാത്തവർക്ക് വായ്പ അപേക്ഷയോടൊപ്പം മെമ്പർഷിപ്പിനുള്ള അപേക്ഷയും സംഘങ്ങൾ പരിഗണിച്ച് വായ്പ നൽകിയതു വഴിയും ധാരാളം പേർക്ക് പ്രയോജനപ്പെട്ടു. 6. ഈ പദ്ധതി പ്രകാരം 86,270 പേർക്ക് ആകെ 83,40,62,813/- രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ